You may legitimately ask a question 'One who has supported this measure two or three years ago, how do you come and now oppose this measure?' and it is a very legitimate question. I shall endeavour to answer that question. I was not much experienced in public life at that time and when I found that those from whom I have to expect but reasonable countenance were encouraging those dirty papers naturally there is a limit to a man's patience, a man's tolerance and a man's forbearance and this is the only place where I raised a voice of protest. Now, why a change of attitude? Attacks of this paper has not done me any injury. Far from losing any strength, gentlemen, I can undoubtedly say that I have gained thousand

LIBRARY ARCHIVES Kerala Legislative Assembly

times more power. (Hear, hear.) A series of unjust attacks delivered upon a public man will not make him less important and undeserving encomiums heaped upon a public man will not enhance his reputation. That is the reason. I have realised that all those attacks will not affect a public man. Why should I want now to support a measure, a measure to restrict the press? That is the reason why I have changed my view.

I want to address a word to the Government. The Government must show a normal exhaustive tolerance, a spirit of patience, a spirit of tolerance to enmity submitted to attack, sometimes unjust attacks even. I know sometimes people are attacked unjustly. Who will show tolerance if the Government does not show it? The position of the Government is different from that of the position of individuals like myself. I can afford to lose my temper. The moment the Government loses its temper a large number of people suffer by that. The man who has the power should be the man who should be tolerant. I will, therefore, appeal to you to study human nature a little more and understand persuasion, friendliness and generosity. The position between the Governor and the governed is most strained as the position of man and woman under forced marriage. There is seeming happiness. There is seeming companionship. But there is nothing but divergence. Try to remove this unpleasantness. Do not proceed with the path that you propose to proceed. Withdraw this bill because I do not see the absolute necessity of this bill, The Government will not come to a stand-still. There will not be any riot. There will be no disturbance in this State if you withdraw. Therefore, withdraw this bill. Bring in a more moderate bill in this House. Suspend the action of proclamation. Try to take this House along with you. If you do that that will be a greater achievement than passing this measure by certification. That only indicates our impotence and your strength. I do not think there is any need to show how strong you are and how impotent we are. If you only wanted to show this then you proceed with this measure. If you want to rule the people with their consent and for their happiness then be guided by their advices.

Now I have to speak a few words to this House. There has been a talk about the sending of this bill to the committee. What will the committee do? There are certain things which cannot be improved. Nothing can make it look like an ordinary child. Renounce this child and try to retain your own self-respect. The moment you give consent, partial or implied

LIBRARY ARCHIVES Kerala Legislative Assembly

that moment this House loses its self-respect, it loses the respect of every Member. Please remember that. Let the Government pass it by certification. If they pass it by certification, it will be binding only the body. The moment you pass it it will be binding both the body and soul. The Law Member will say that this is only a small step. He will always say that. He will always persuade one false step and then another till you find yourself in absolute utter darkness. Be warned in time so that you do not allow yourself to be guided by those persuasions in this matter. I think I have given the general aspect of this question. I appeal to you once more in the name of all that we have been able to do in this Council for the last 12 years to keep together, to vote together and to show a little solidarity among us and also to teach sister legislative councils in India that there are legislative councils where the members shall never be frightened by the Executive. Retain that position. Show absolute independence and if the Executive outrages you, defy the Executive. That is the advice I should give you.

I hope and trust, Sir, that in explaining our position if I have ever said anything unpleasant let it be clearly understood that there is no malice behind. Just as you think that it is your duty to pass this measure we think it is our duty to offer all possible obstructions to the passage of this measure which you propose to do.

മിസ്റ്റർ കെ. അയ്യപ്പൻ.— ഈ രാജ്യത്തെ പത്രങ്ങൾ ഗവമ്മെണ്ടിനെ നിരുപണം ചെയ്യുന്നതും ശകാരിക്കുന്നതും എങ്ങിനെയെന്നു കാണിക്കുവാനാണു് ഞാൻ ശ്രമിക്കുന്നതു. ഞാൻ എന്റെ പത്രത്തിൽ എടുക്കുന്ന സ്വരമാണു് ഇവിടെയും എടുക്കുന്നതു്. ഈ രാജ്യത്തെ മിക്കവാറും പത്രങ്ങളെ സംബന്ധിച്ചും അതു പറയാവുന്നതാണു്.

ഈ ബില്ലിന്റെ തത്വത്തെ മാത്രമെ ഇപ്പോൾ ആലോചിക്കേണ്ടതുള്ളൂ. ലാമെമ്പറുടെ പ്രസംഗത്തിൽനിന്നു ഗവമ്മേണ്ടിനു ഒരു സഹായവും ലഭിച്ചാലും ഞങ്ങൾക്കു ഒരു അറിവും കിട്ടിയില്ല. ഉറ്റൂണിത്തുറ മെമ്പറുടെ പ്രസംഗത്തിൽ ബില്ലിന്റെ തത്വത്തെപ്പറ്റി പറയുമെന്നു വിചാരിച്ചിരുന്നു. അദ്ദേഹം അതിനെപ്പറ്റി പറഞ്ഞില്ല. ബില്ലിന്റെ തത്വം ലൈസൻസിലാണു്. ഗവമ്മെൻറു ബില്ലിന്റെ ഉദ്ദേശങ്ങളിലും കാരണങ്ങളിലും സ്ഥാപിക്കുവാൻ ശ്രമിക്കുന്ന സ്ഥിതിഗതി രാജ്യത്തിലും ഉണ്ടെങ്കിൽതന്നെ അതിനെ പരിഹരിക്കുവാൻ പര്യാപ്തമായ നിയമങ്ങൾ ഇപ്പോൾതന്നെ ഉണ്ടു്. ആ സ്ഥിതിക്കു പത്രങ്ങൾക്കു ലൈസൻസു വെക്കേണ്ട ഒരു ആവശ്യവും ഇവിടെ ഇല്ല. തിരുവിതാംകൂറിലും മറ്റും ഇങ്ങിനെയുള്ള നിയമം ഉണ്ടെന്നുള്ളതു ഇവിടെയും ഈ നി

LIBRARY ARCHIVES Kerala Legislative Assembly

യമം നടപ്പാക്കാൻ മതിയായ കാരണമാകയില്ല. തിരുവിതാംകൂറിൽ പല അബദ്ധങ്ങളും ഉണ്ടെന്നുവെച്ചു ആ അബദ്ധങ്ങൾ ഇവിടെ പകർത്തേണ്ട ആവശ്യമില്ല. ലൈസൻസിങ്ങ് വന്നാൽ പത്രങ്ങളുടെ സ്വതന്ത്രനില പോകും. സ്വതന്ത്രമായ നിലയുണ്ടെങ്കിലെ പത്രങ്ങൾകൊണ്ടു ഉദ്ദേശിച്ചിട്ടുള്ള ഉത്തമ ഫലം സിദ്ധിക്കയുള്ളൂ. ബില്ലിന്റെ തത്വം സ്വീകാര്യമല്ലാത്തതുകൊണ്ടു ബില്ലിനെ തള്ളുകയെ ഈ സഭക്കു നിവൃത്തിയുള്ളൂ. തത്വം സ്വീകാര്യമാണെങ്കിലേ ബിൽ സിലക്ട് കമ്മറിക്കു അയക്കേണ്ട ആവശ്യമുള്ളൂ.

പല നല്ല കാര്യങ്ങളും ചെയ്തിട്ടുള്ള ദിവാൻജി ഈ നിയമംകൊണ്ടു ജനങ്ങൾക്കു ഉപദ്രവം ഉണ്ടാകുന്നതു അദ്ദേഹത്തിനു ഭൂഷണമല്ലെന്നു അദ്ദേഹത്തെ ഉൽബോധിപ്പിക്കാതെ നിവൃത്തിയില്ല. ഈ സഭ ഐകകണ്ഠ്യമായി ഈ ബില്ലിനെ തള്ളേണ്ടതാണ് ഇതു ജനസ്വാതന്ത്ര്യത്തിനു ബാധകമായ ബില്ലിനെ താങ്ങുന്ന അനുദ്യോഗസ്ഥ മെമ്പർമാരെപ്പറ്റി ദിവാൻജിക്കും മറ്റും ഉള്ളിൽ പുച്ഛമായിരിക്കും തോന്നുന്നതു എന്ന സംഗതി അവർ ഓർക്കേണ്ടതാകുന്നു.

മിസ്റ്റർ. പി. സി. വക്കി— സർ, ഈ കൌൺസിലിന്റെ സമ്മതം ക്ഷോടാതെ വർത്തമാനപത്രറെഗുലേഷൻ തല്ക്കാലത്തേക്കുപോലും നടപ്പിൽ വരുത്തിയപ്പോൾ കൊച്ചിയിലെ പത്രസ്വാതന്ത്ര്യത്തിന്റെ മരണമണി അടിച്ചുകഴിഞ്ഞു എന്നു പറയാം. അതിനാൽ ഇപ്പോൾ ഈ സഭയിൽ ഹാജരാക്കപ്പെട്ടിരിക്കുന്ന വർത്തമാനപ്പത്ര ബില്ലിന്റെ തത്വത്തെയോ അതിലടങ്ങിയിട്ടുള്ള വ്യവസ്ഥകളുടെ ഗുണദോഷങ്ങളെയൊ കുറിച്ചു ചിന്തിച്ചിട്ടു പ്രയോജനമില്ല. ഈ സംസ്ഥാനത്തു ഒരു നിയമനിർമ്മാണസഭ ഉണ്ടായിരിക്കെ, അതിന്റെ അഭിപ്രായമറിയാതെ— പൊതുജനങ്ങളുടെ അഭിപ്രായം എന്താണെന്നു അറിയാതെ— നിയമസഭാ റെഗുലേഷൻ പ്രകാരമുള്ള പ്രത്യേകാധികാരം പ്രയോഗിച്ചു പത്രറെഗുലേഷൻ നടപ്പിൽ വരുത്തിയതിൽനിന്നു ഗവർമ്മെണ്ടിന്റെ ഉദ്ദേശമെന്താണെന്നും പത്രസ്വാതന്ത്ര്യത്തിന്റെ ഭാവി എന്താണെന്നും നമുക്കു ഏറെക്കുറെ മനസ്സിലാക്കാം. എന്നാലും ഇപ്പോൾ നടപ്പിലിരിക്കുന്ന റെഗുലേഷൻതന്നെ ഒരു ബില്ലായി നിയമസഭയിൽ കൊണ്ടുവന്നതിനായി ഞാൻ ഗവർമ്മെണ്ടിനെ അഭിനന്ദിക്കുന്നു. എന്തുകൊണ്ടെന്നാൽ ഗവർമ്മെണ്ടിൽ സ്ഥിതിചെയ്യുന്ന പ്രത്യേകാധികാരം പ്രയോഗിച്ചു നിർമ്മിക്കുന്ന ഈ തരം നടകങ്ങൾ പേറിക്കൊണ്ടു നടക്കുന്നതിൽ പൊതുജനങ്ങൾക്കുള്ള വിസമ്മതിയും പ്രതിഷേധവും പ്രദർശിപ്പിക്കാൻ അവസരം നൽകിയതു വലിയ ഒരു കാര്യമാണല്ലൊ. നമ്മുടെ അംഗീകരണത്തിനായി ഹാജരാക്കീട്ടുള്ള ഈ ബില്ലിനെ വിമർശിച്ചു ഒന്നരണ്ടു ബഹുമാനപ്പെട്ട മെമ്പർമാർ പ്രസംഗിച്ചു കഴിഞ്ഞു. അതിനാൽ ഞാൻ അധികമൊന്നും പറയാൻ ഉദ്ദേശിക്കുന്നില്ല. ഏതാട്ടശങ്കളായ മർദ്ദനനിയമങ്ങൾ ശ്രുവപ്പെടുത്തിക്കാൻ ഗവർമ്മെ

LIBRARY ARCHIVES Kerala Legislative Assembly

ണ്ട ഉദ്യമിക്കുന്നതു കണ്ടിട്ട് എത്രയോ ചില മെമ്പർമാർ ചെയ്തതുപോലെ സഭാമന്ദിരത്തിൽനിന്നു ചാടിയിറങ്ങാനോ, പിന്നെ ഓടിക്കയറാനോ, എന്റെ പ്രായാധിക്യം എന്നെ അനുവദിക്കുന്നില്ലാ; എന്നുവെച്ചിട്ട് ഈമാതിരി ബില്ലുകൾക്കു ഞാൻ അനുകൂലിയാണെന്നു തെറ്റിദ്ധരിച്ചുപോകരുതെന്ന് ഉച്ചൈസ്വരം പ്രസ്താവിച്ചുകൊള്ളുന്നു. കൊച്ചീരാജ്യത്തിനും കൊച്ചിയിലെ ഭരണാധികാരികൾക്കും ജനപ്രതിനിധികൾക്കും പൊതുവെക്കൊട്ടാകെയും അവമാനകരമായ ഈ ബില്ലിനെ നിയമമാക്കി നമ്മുടെ പ്രസിദ്ധിയേറിയ നിയമസഭാംഗനയുടെ മുഖത്തു കരിതേയ്ക്കല്ലേ എന്നു ബഹുമാനപ്പെട്ട മെമ്പർമാരോടും ഗവമ്മെണ്ടിനോടും അപേക്ഷിക്കാനാണ് ഞാൻ ഇവിടെ എഴുന്നേറ്റു നില്ക്കുന്നതു്. ഈ ബില്ലിന്റെ വകുപ്പുകൾ സശ്രദ്ധം വായിച്ചുനോക്കിയപ്പോൾ എനിക്കു തോന്നിയതു്, ഓരോ പത്രകാര്യാലയത്തിലും ഗവമ്മെണ്ടു് ഓരോ ഗവമ്മെണ്ടു് അഡ്വക്കേറ്റുമാരെ നിയമിച്ചു തരാത്തപക്ഷം ഇനി ശിക്ഷയേല്ക്കാതെ യാതൊരു പത്രാധിപക്കും പത്രം നടത്തിക്കൊണ്ടുപോകാൻ സാധിക്കുകയില്ലെന്നാണു്. ഞാൻ നേരംപോക്കു പറയുകയല്ലെന്നു പ്രസ്തുത ബില്ലിന്റെ ചില വകുപ്പുകൾ വായിച്ചാൽ മനസ്സിലാകും. ഞാൻ ഒരു വകുപ്പു വായിക്കാം "Whenever it appears to the Government that any Newspaper ..... contains any words, signs, or visible representations which are likely or may have a tendency, directly or indirectly, whether by inference, suggestion, allusion, metaphor, implication or otherwise to excite disaffection against or bring into hatred or contempt His Highness the Maharaja of Cochin or the Government of His Highness the Maharaja.....or habitually disseminates false information....." ഇതിന്റെ അർത്ഥം എന്താണു്? വളരെ ദുർഗ്രഹം! ഇതിനുമുമ്പു് ബഹുമാനപ്പെട്ട ലാമെമ്പർ ഹാജരാക്കിയ ബില്ലിൽ മുൻപറഞ്ഞപോലെ ഗഹനങ്ങളായ പദപ്രയോഗങ്ങൾ ഉണ്ടായിരുന്നില്ല ".....Contains any words or visible representations which are *likely* or *may have a tendency*" ഇതിന്റെ വ്യാഖ്യാനത്തിൽ ഉൾപ്പെടുത്താൻ പാടില്ലാത്തതായി വല്ലതുമുണ്ടോ? ഇതിനെ തുടർന്ന പ്രസ്തുത വകുപ്പിൽ പറഞ്ഞിരിക്കുന്നതു നോക്കുക; " directly or indirectly, whether by inference, suggestion, allusion, metaphor, implication or *otherwise* ഈ otherwise എന്താണു്? (ചിരി) otherwise എന്താണെന്നും അതിൽ എന്തെല്ലാം ഉൾപ്പെട്ടുമെന്നും ഇവിടെ ഇരിക്കുന്നവരിൽ ആരെങ്കിലും വിവരിച്ചു മനസ്സിലാക്കിത്തന്നാൽ കൊള്ളാം. അന്തമില്ലാത്ത otherwise! എനിക്കു അതെന്താണെന്നു മനസ്സിലാകുന്നില്ല; വേറെ ആർക്കും മനസ്സിലാകയുമില്ല. ഈ വിഷമം ഹേതുവായിട്ടാണു് എല്ലാ പത്രകാര്യാലയത്തിലും ഈ നിയമം വ്യാഖ്യാനിച്ചു മനസ്സിലാക്കിത്തരുവാൻ—otherwise എന്ന കണ്ടിൽപ്പെടുന്ന ചാടുന്നതിൽനിന്നു പത്രാധിപന്മാരെ രക്ഷിക്കാൻ—ഓരോ ഗവമ്മെണ്ടു് അഡ്വക്കേറ്റുമാരെ നിയമിച്ചുതരണമെന്നു ഞാൻ പറഞ്ഞതു്. അതിനു സൌകര്യമില്ലെങ്കിൽ ഞങ്ങളുടെ പത്രങ്ങളുടെ പ്രൈസ്സ് പ്രൂഫ് ഹജൂരാപ്പീസിൽ വായിച്ചു് imprimatur സഹിതം മടക്കി അയച്ചുതരുവാ

LIBRARY ARCHIVES Kerala Legislative Assembly

നെങ്കിലും ദയവുണ്ടാകണം. ഇങ്ങിനെ ഏതെങ്കിലും ഒരു സഹായം ഗവമ്മെണ്ടു ചെയ്യുതരാത്തപക്ഷം മേല്പറഞ്ഞ വകുപ്പിന്റെ വല്ല കണിയിലും ഞങ്ങൾ പെട്ടപോയേക്കും. otherwise എന്ന പദത്തിന്റെ കീഴിൽ കൊണ്ടുവരാൻ പാടില്ലാത്ത വല്ല കാര്യവും ലോകത്തിലുണ്ടോ? അതിനാൽ ഈ നിയമം നിഷ്കൃഷ്ടയോടെ പ്രയോഗിച്ചാൽ പത്രസ്വാതന്ത്ര്യമെന്നല്ലാ, പത്രങ്ങൾതന്നെ നശിച്ചു നാമാവശേഷമാകുമെന്നതിന്നു സംശയമില്ല. ഇന്ത്യയിൽ ഏതോ ഒരു വലിയ ഏതദ്ദേശ്യ രാജ്യത്തു വർത്തമാനപ്പത്രമില്ലെന്ന കേട്ടിട്ടുണ്ട്. കൊച്ചിയെ ആ നിലയിൽ എത്തിക്കാനാണ് നമ്മുടെ ഗവമ്മെണ്ടിന്റെ ഉദ്ദേശ്യമെങ്കിൽ ഇങ്ങിനെയൊരു നിയമം അത്യാവശ്യമാണ്; പത്രമൊന്നും വേണ്ടാ. ഗവമ്മെണ്ടു ഗസറുമാത്രം മതി എന്നുവയ്ക്കാം. വ്യാജമായ പ്രസ്താവനകൾ (False information) മനഃപൂർവ്വമായി ചെയ്യാതിരുന്നാലും അതു കുറ്റകരമാണെന്ന തീർച്ചയാക്കിയാൽ പത്രാധിപന്മാർക്കുണ്ടാകുന്ന വിഷമം കുറച്ചൊന്നുമായിരിക്കുകയില്ല. ലേഖകന്മാരെ വിശ്വസിച്ചാണ് നാനാദിക്കുകളിൽനിന്നു കിട്ടുന്ന വർത്തമാനങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതു്. അവയിൽ ചിലതു് വ്യാജവർത്തമാനമാണെങ്കിൽ അതിനായി പത്രത്തിന്റെ ലൈസൻസ് റദ്ദാക്കുകയൊ പത്രാധിപരെ ശിക്ഷിക്കുകയൊ ചെയ്യുന്നതു് മഹാ അന്യായമായിരിക്കുകയില്ലേ? "മദ്രാസ് മെയിൽ" "ഹിന്ദു" മുതലായ പ്രതിദിനപത്രങ്ങളിൽ ഇന്ന് ഇവിടെനിന്നയക്കുന്ന വർത്തമാനശകലങ്ങൾ നാളെ അല്ലെങ്കിൽ അടുത്ത പിറേറ ആ പത്രങ്ങളിൽ പ്രസിദ്ധീകരിച്ചു കാണാറുണ്ട്. ആ പത്രങ്ങളുടെ പത്രാധിപന്മാർ ലേഖകന്മാരെ വിശ്വസിച്ചാണ് അതുകൾ പ്രസിദ്ധീകരിക്കുന്നതു്. ആ പത്രാധിപന്മാർക്കു കിട്ടുന്ന വർത്തമാനങ്ങളെല്ലാം നേരാണോ കളവാണോ എന്ന് അവർ അന്വേഷണം നടത്തിയതിന്റെ ശേഷം അവ പ്രസിദ്ധീകരിക്കാമെന്നുവെച്ചാൽ പുതിയ വർത്തമാനങ്ങൾ പ്രസിദ്ധപ്പെടുത്തുവാൻ അവർക്കു കഴിയുമോ? ചിലപ്പോൾ ചില വ്യാജപ്രസ്താവനകളൊ അബദ്ധപ്രസ്താവനകളൊ അവയിൽ കാണുന്നുമുണ്ട്. അബദ്ധങ്ങൾ മൂണ്ടികാണിച്ചാൽ പത്രാധിപന്മാർ തിരുത്തുകയും ചെയ്യാറുണ്ട്. ഓരോ വർത്തമാനവും ശരിയാണോ എന്നറിഞ്ഞിട്ട് പ്രസിദ്ധപ്പെടുത്തുകയെന്നുവെച്ചാൽ ചിലപ്പോൾ അങ്ങിനെ ചെയ്യാൻ ഒന്നോ രണ്ടോ കൊല്ലം വേണ്ടിവരും.

മിസ്റ്റർ തോമസ് മാഞ്ഞൂരാൻ.— മനസ്സിലായില്ല.

മിസ്റ്റർ പി. സി. വക്കി.— നല്ലതിനുമണ്ണം ആലോചിച്ചു നോക്കുക. അപ്പോൾ മനസ്സിലാകും. ഗവമ്മെണ്ടിന്റെ നടപടികളെ പത്രങ്ങൾ വിമർശിക്കുകയും ആവശ്യമുള്ളപ്പോൾ ആക്ഷേപിക്കുകയും ചെയ്തില്ലെങ്കിൽ പത്രത്തിന്നു പ്രചാരമുണ്ടാകയില്ല. ഏതാദൃശമായ ആക്ഷേപങ്ങൾ ഈ പുതിയ നിയമത്തിന്റെ പരിധിയിൽപ്പെട്ടു കുറ്റകരമാകുമോ എന്ന തീർച്ചയാക്കാനുള്ള അധികാരം അധിക്ഷേപിക്കപ്പെടുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഗവമ്മെണ്ടിനു തന്നെയാണല്ലോ. നിർഭയമായി അങ്ങിനെ യാതൊരു വിമർശനവും ചെയ്യാൻ പാടില്ലെന്നായാൽ പിന്നെ പത്രപംക്തികൾ നിറയ്ക്കാൻ രാമായണമോ ഭാരതമോ എടുത്തു് അവയുടെ കുറെ പേജുകൾ പകർത്തുകയെ നിവൃത്തിയുള്ളൂ (ചിരി). നല്ലനല്ല പുസ്തകങ്ങളിൽനിന്നു ഓരോ തവണയും ഓരോ അദ്ധ്യായം പകർത്തി പ്രസിദ്ധപ്പെടുത്താം. ലേഖകന്മാരെ ആശ്രയിക്കാതേയും വിശ്വസിക്കാതേയും പത്രാധിപന്മാക്കു ഗത്യന്തരമില്ല. ലേഖകന്മാർ മനുഷ്യരാണല്ലോ. അതിനാൽ അവക്കു അബദ്ധം പിണയാവുന്നതാണു്. അവർ അറിഞ്ഞോ അറിയാതെയോ ചെയ്ത കുറ്റത്തിനു് ഉടനെ പത്രാധിപന്മാരെ കഴുവിലേറുകയല്ലാ വേണ്ടതു്. പത്രപ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കാൻ ഉദ്ദേശമുള്ള ഗവമ്മെണ്ടു് അങ്ങിനെയുള്ള അബദ്ധങ്ങളെ തിരുത്തി പത്രങ്ങളെ നേർവഴിക്കു കൊണ്ടുവരുവാൻ ശ്രമിക്കണം. ദിവാൻ മിസ്റ്റർ ബാനർജി ചെയ്തിരുന്നതങ്ങിനെയാണു്. എനിക്കുതന്നെ അതനുഭവപ്പെട്ടിട്ടുണ്ടു്. ഒരിക്കൽ കുന്നംകുളത്തു് വിഷൂചിക പടർന്നുപിടിച്ചിരിക്കുന്നതായി വിവരിച്ചും സാനിട്ടറി വകുപ്പുകാരുടെ അശ്രദ്ധയെ പഴിച്ചും ഒരു ലേഖകൻ സത്യനാദത്തിൽ എഴുതിയിരുന്നു. പത്രപ്രസ്താവനകളെ സമാദരിച്ചിരുന്ന ദിവാൻ ബാനർജി ഉടനെ ചീഫ് മെഡിക്കൽ ആൻറ് സാനിട്ടറി ഓഫിസരോടു സമാധാനം ചോദിച്ചു. അദ്ദേഹം കുന്നംകുളത്തു ചെന്നു് അന്വേഷിച്ചതിന്റെ ശേഷം പത്രപ്രസ്താവന അതിശയോക്തിപരമാണെന്നു റിപ്പോർട്ടു ചെയ്തു. ആ റിപ്പോർട്ടിന്റെ സാരം ദിവാന്റെ നിർദ്ദേശാനുസരണം പ്രെസ്സ് റൂമിൽ വയ്ക്കുകയുമുണ്ടായി. ഇതു വലിയ ഒരു ശിക്ഷയായിട്ടാണു് ഞാൻ കരുതിയതു്. വ്യാജപ്രസ്താവനകളെ ഈ വിധത്തിൽ ഇടയ്ക്കിടെ പബ്ലിസിറ്റി ഓഫിസർ ഖണ്ഡിക്കുന്നപക്ഷം ഏതൊരു പത്രലേഖകനും സൂക്ഷ്മമുള്ളവനായിത്തീരുന്നതാണു്. ഇപ്പോഴത്തെ ബില്ലുപ്രകാരമാണെങ്കിൽ മേല്പറഞ്ഞ ലേഖകനോ അയാളുടെ റിപ്പോർട്ടു പ്രസിദ്ധപ്പെടുത്തിയ പത്രാധിപരോ ജെയിലിൽ പോകേണ്ടിവരുമായിരുന്നു. ഗവമ്മെണ്ടിന്റെ ശിക്ഷയ്ക്കു് അധീനരാകുന്ന പത്രപ്രർത്തകന്മാർക്കു് ചീഫ് കോർട്ടിൽ അപ്പീൽ ബോധിപ്പിക്കാമെന്നു ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടല്ലോ എന്നാണു് ലാമെമ്പരുടെ മറെറാരുവാദം. തീരുവിതാംക്കൂർ പത്രറെഗുലേഷനിലും ഇങ്ങിനെ ഒരു വ്യവസ്ഥയുണ്ടു്. ആ ഗവമ്മെണ്ടു് ചില പത്രങ്ങളുടെ ലൈസൻസ് റദ്ദാക്കിയതിന്മേൽ ഹൈക്കോർട്ടിൽ കൊടുത്ത അപ്പീലിന്റെ ഫലം എന്താണെന്നും എനിക്കറിയാം. നിയമം നിർമ്മിക്കുകയല്ലാ, നിയമം നടത്തുകയാണു് ചീഫ് കോടതിയുടെ ധർമ്മം. ആവശ്യമുള്ളപ്പോൾ പത്രങ്ങളെ ഏതുവിധത്തിലും പിടികൂടുവാൻ തക്ക ഒരു നിയമം നിർമ്മിച്ചതിനു ശേഷം ചീഫ് കോർട്ടിൽ അപ്പീലുണ്ടെന്നു പറയുന്നതു് തീരെ നിരർത്ഥകമാണു്. അതിനാൽ ഈ ബിൽ സിലക്ട് കമ്മറിക്കും ഒരു കമ്മറിക്കും അയക്കേണ്ട. പിൻവലിക്കണമെന്നാണു് ഞാൻ ഗവമ്മെണ്ടിനോടു അപേക്ഷിക്കുന്നതു്. അപ്രകാരം ചെയ്യാത്തപക്ഷം നാം അതിനെ നിസ്സംശയം തള്ളിക്കളയണം.

LIBRARY ARCHIVES Kerala Legislative Assembly

Mr. E. Ikkanda Warriar.—Sir, I wish to enter my emphatic protest on behalf of my constituency against this another highly objectionable and arbitrary measure which has been introduced by the Government to throttle as it were the Press in the State. A perusal of the provisions of the Press Notification leaves one almost breathless. Now what was the need for such a measure? Have the Journalists in the State been devoid of all sense of responsibility? Has an epidemic of reckless criticism unbalanced their vision? Even if a few papers have not maintained the standard which one will expect of such an institution, does it demand such a drastic treatment? Is this the most effective way in which the Press disease could be cured? The expert Doctors seem to have come to the conclusion that the state of the Press having become desperate, desperate remedies are also necessary. But is that the real fact of the case? How many papers are there in the State? How many papers have thus lost all sense of proportion, all standards of fair criticism, all canons of fairness? How many papers have been caught in the act of fomenting disaffection against the Government? Just because a few papers which had the courage to point out what they considered, and honestly believed to be, the defects of certain measures, should the whole press be penalised for that? Should Hitlerism be introduced into Cochin because of the alleged vagaries of a few journals? Is there not the ordinary law of the Land for the Government to enforce? If, even that is inadequate, has not the Government the power to modify the law as to correct the vagaries of the Press? Is irresponsibility of the Press cured by the greater irresponsibility of the Government? The Government might then as well close all the papers and then issue their own Gazette for the people to read.

Sir, this legislation is an insult to the law-abiding citizens, to their sense of civic responsibilities. Cochin leads the whole of India in education and literacy and naturally one should expect them to find out for themselves the good and bad sides of the Government measure. If there has been adverse criticism, you may depend upon it that there has been ample cause, that there has been good provocation, that there are strong reasons. By thus striking at independent journalism, the Government is also trying to inflict a mortal wound on the judgment and powers of thinking of the citizens of the State. The Government is aiming at granting greater measure of power to the representatives of the people. Is this a foretaste of the training which the Government has undertaken? "The

LIBRARY ARCHIVES Kerala Legislative Assembly

liberty of the Press is the true measure of all other liberties; for, all other freedom without this must be merely nominal". said an English writer once. "An enslaved Press is doubly fatal; it not only takes away the true light; for, in that case, we might stand still—but it sets up a false one that decoys us to our destruction." The wonderful metamorphosis that we are now witnessing in the performances of one of our dailies after the last Christmas illustrate the truth of the above and the dangers that are ahead of us. Sir, I cannot condemn in words sufficiently strong the injustice that has been caused directly and primarily to the journalistic world and to the public of Cochin. It is also an irony of fate, Sir, that it should have fallen to your lot to put this measure on the statute book of Cochin so far free from all such disgraceful enactments. It is still more surprising, that as the President of the Legislative Assembly where you witnessed the eloquent protests that were made from time to time to the Press Law—which are rather mild when compared to the present measure—that you should have been instrumental in passing this measure which sounds the death-knell of all independent journalism and all free expression in the State. A leopard cannot change its spots. Any select committee cannot prevent the mischief intended in this measure.

മിസ്റ്റർ കെ. എസ്സ്. പണിക്കർ.— സർ, തിരുവിതാംകൂറിൽ പത്രമർദ്ദനനിയമം പാസാക്കിയ ആ 1928-ൽ തന്നെ അന്നത്തെ മിസ്റ്റരായിരുന്ന ഇന്നത്തെ സർ ഷൺമുഖത്തിന്റെ അദ്ധ്യക്ഷതയിൽ എറണാകുളം കായലോരത്തിലുള്ള വിശാലമായ മൈതാനത്തിൽ വെച്ചു നടത്തിയ State Subjects conference ൽ തിരുവിതാംകൂറിൽ അന്ന പാസാക്കിയിരുന്ന ആ പത്രമർദ്ദനനിയമത്തെ പ്രതിഷേധിച്ചുകൊണ്ടു ഒരു പ്രമേയം അവതരിപ്പിച്ച ഞാൻ തന്നെ ഇപ്പോൾ അന്നത്തെ അദ്ധ്യക്ഷൻ ഇന്ന നമ്മളുടെ ദിവാനായിവന്നപ്പോൾ അദ്ദേഹം നമ്മളുടെ കണ്ണും കണ്ടിക്കുന്നതിന്ന ഒരു കഠാരിയായി കൊണ്ടുവന്നിട്ടുള്ള ഈ പത്രമർദ്ദനനിയമത്തെ സർവശക്തികളോടുംകൂടി എതിർക്കേണ്ടിവന്നിരിക്കുന്നു. നിയമസഭയുടെ അറിവുകൂടാതെ ആറുമാസക്കാലത്തേക്കു പാസാക്കി നടപ്പിൽ വരുത്തീട്ടുള്ളതും ഇന്ന ഈ നിയമസഭയിൽ വിമർശനത്തിന്ന് ഗവർമ്മെൻറു ഭയവായി അവതരിപ്പിച്ചിട്ടുള്ളതുമായ ഈ നിയമം കൊച്ചിയിലെ പൌരാവലിയുടെ സ്വാതന്ത്ര്യം നിർദ്ദോഷം നശിപ്പിക്കുന്ന ഒരു മർദ്ദനനിയമമാണ്. നിയമസഭയുടെ ഈ യോഗം ഇത്ര അടുത്ത അവസരത്തിൽ ഇവിടെ സമ്മേളിക്കുവാൻ നിശ്ചയിച്ചിരിക്കുന്ന സ്ഥിതിക്കു പൊതുജനപ്രതിനിധികളടങ്ങിയ ഈ നിയമസഭയുടെ അറിവൊ അഭിപ്രായമൊ അറിയുന്നതിനുകൂടി അവസരമൊ, സൗകര്യമൊ കൊ

LIBRARY ARCHIVES Kerala Legislative Assembly

ടുക്കാതെ ഇത്ര അടിയന്തിരമായി ഈ മർട്ടനിയമം പാസാക്കുവാൻ ഗവമ്മെണ്ടിനെ പ്രേരിപ്പിച്ച സംഗതി എന്തായിരിക്കുമെന്നാണ് നാം ആലോചിക്കേണ്ടതു്. നമ്മുടെ ഗവർമ്മെൻറിനും ഇപ്പോൾ സഹജമായിക്കണ്ടുവരുന്ന, അല്ലെങ്കിൽ നമ്മുടെ ഗവർമ്മെൻറു അടുത്തകാലംമുതൽ അനുവർത്തിച്ചുവരുന്ന വിദേശപത്രങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു നയമോ, അഥവാ ഗവമ്മെൻറിൻെറ സുഗ്രീവാജ്ഞ നടത്തുന്നതിനു പ്രതിബന്ധങ്ങളോ, പ്രതിഷേധങ്ങളോ ഉണ്ടാകാതെ പരിരക്ഷിക്കുന്നതിനോ അല്ലാത്തപക്ഷം കൊച്ചിയിലെ എല്ലാ പത്രങ്ങളേയും വൈതാളികപത്രങ്ങളായി രൂപാന്തരപ്പെടുത്തുന്നതിനൊ അതുമല്ലെങ്കിൽ, കോയമ്പത്തൂർ സ്ഥാപിച്ചിട്ടുള്ള കൃസ്ത്യൻകാളേജ് അസോസിയേഷൻെറ 1935-ൽ മാർച്ചുമാസത്തിൽ കൂടിയ വാർഷികയോഗത്തിൽവെച്ചു കൊച്ചിയിലെ ദിവാൻപദം കയ്യേല്ക്കുന്നതിനടുത്തദിവസം സർ ഷൺമുഖം ചെയ്ത പ്രസംഗത്തിൽ 'O' വട്ടത്തിലുള്ള ഈ കൊച്ചു കൊച്ചിയിൽ പ്രതിദിനപത്രങ്ങളായും പ്രതിവാരപത്രങ്ങളായും ത്രൈവാരപത്രങ്ങളായും മാസികകളായും ത്രൈമാസികകളായും ഉദ്ദേശം അറുപതോളം പ്രസിദ്ധീകരണങ്ങളുള്ളതായറിഞ്ഞു ഭയപ്പെട്ടുന്നതായിക്കണ്ട പത്രറിപ്പോർട്ടകം വാസ്തവമാണെങ്കിൽ ആ ഭയാശങ്കകം .നിശ്ശേഷം നശിപ്പിക്കുന്നതിനു ആയിരിക്കാമെന്നും അഥവാ ഈ വക എല്ലാ സംഗതികളേയും സുരക്ഷിതമാക്കുന്നതിനുമായിരിക്കാമെന്നും വിചാരിക്കേണ്ടിയിരിക്കുന്നു. ഏതുവിധമായാലും ഇറാലിയിലെ ഫാസിസമോ, ജർമ്മനിയിലെ നാസിസമോ. സോവിയറു റഷ്യയിലെ ബോൾഷേവിസമോ ഇൻഡ്യയിലേക്കു കടത്താതിരിപ്പാൻ ഇമ്പീരിയൽ ഗവമ്മെൻറു വേണ്ടമുൻകരുതലുകൾ ചെയ്യുവരുന്ന ഈ സന്ദർഭത്തിൽ പാശ്ചാത്യ രാജ്യങ്ങളിൽനിന്നും കപ്പലുകൾ കൊച്ചിൻ ഹാർബറിൽ നേരിട്ട വരാറായതുകൊണ്ടു ഇമ്പീരിയൽ ഗവമ്മെൻറിൻെറ അറിവു കൂടാതെതന്നെ ജർമ്മനിയിലെ നാസിസം കൊച്ചിയിൽ നേരിട്ടിറക്കുമതി ചെയ്യുവാൻ നമ്മുടെ ഗവമ്മെൻറു വിചാരിക്കുന്നുണ്ടെങ്കിൽ അതൊട്ടുംതന്നെ ആശാസ്യകരമല്ലെന്നു ഞാൻ ഗവമ്മെൻറിനെ ശങ്കിയായി ഉൽബോധിപ്പിച്ചുകൊള്ളുന്നു.

ലോക പ്രസിദ്ധന്മാരായ രാജ്യതന്ത്രജ്ഞന്മാർക്കു സർവ്വസാധാരണമായി കണ്ടുവരുന്ന ചില പ്രത്യേകതകളുണ്ടു്. റാംസെമാക് ഡൊനാൾഡ് "ലിബർട്ടി" കമ്മീഷനിലെ ഒരംഗമായി ഇൻഡ്യയിൽ വന്നിരുന്നു. ഇൻഡ്യക്കാരുടെ കഷ്ടാരിഷ്ടതകളേയും അസ്വാതന്ത്ര്യങ്ങളേയും കണ്ടു മനസ്സലിഞ്ഞു് സഹതാപത്തോടുകൂടി അന്നു അദ്ദേഹം ഒരു ചെറിയ പുസ്തകംതന്നെ എഴുതി പ്രസിദ്ധപ്പെടുത്തുകയുണ്ടായി. ഇതു് കണ്ടു സന്തോഷിച്ചു് വ്യാമോഹിതരായ ഇൻഡ്യാക്കാർ രാജ്യതന്ത്ര പ്രവീണനും തൊഴിലാളി നേതാവും ഇൻഡ്യയുടെ സഹതാപിയുമായിക്കണ്ട അദ്ദേഹം സൂര്യാസ്തമനമില്ലാത്ത ആഗലേയ സാമ്രാജ്യത്തിൻെറ പ്രധാനമന്ത്രിയായി 1924ൽ നിയമിക്കപ്പെട്ടപ്പോൾ അനന്തര സാധാരണമായ സ

LIBRARY ARCHIVES Kerala Legislative Assembly

സന്തോഷവും ആഹ്ലാദവും പ്രദർശിപ്പിച്ചു. എന്നാൽ അദ്ദേഹം ആ സ്ഥാനം സ്വീകരിച്ചതിനുശേഷം ഇൻഡ്യക്കാക്ക് ആത്യന്തനെ ചെയ്ത ഉപകാരം ബങ്കാളിലെ പൌരപ്രധാനികളിൽ ഏറ്റവും പ്രധാനന്മാരും ഭാരത നേതാക്കന്മാരുമായ നാല്പതിൽപ്പരം ആളുകളെ 1924 സെപ്തമ്പർമാസത്തിൽതന്നെ ബന്ധനത്തിലാക്കുകയാണ് ചെയ്തത്. ഇൻഡ്യയോടദ്ദേഹം പ്രദർശിപ്പിച്ച അനാത്തെ സഹതാപം സ്വയസ്കൃതമാൽ കടന്നപ്പഴോ പരമാധികാര സ്ഥാനത്തു് കയറിയപ്പോഴൊ തീരെ വിസ്മരിച്ചുപോയി. അതുപോലെ തന്നെ ഒരു പൊതുജന പ്രസാദനായി, അനുദ്യോഗസ്ഥ സാമാജികനായി ഭാരതത്തിന്റെ സ്വാതന്ത്ര്യത്തിനായി മദിരാശി നിയമസഭയിലും സാമ്രാജ്യസഭയിലും ധീരധീരം പോരാടിയിരുന്ന സർ ഷൺമുഖം കൊച്ചിയിലെ ദിവാനായി ഭാരതപ്പഴ തെക്കോട്ട കടന്നപ്പോൾ പഴയതെല്ലാം മറന്ന നമ്മുടെ സങ്കുചിതബുദ്ധികളായി വീക്ഷിക്കുന്നതിൽ യാതൊരു അത്ഭുതത്തിനും അവകാശമില്ല. അതെല്ലാം വിശ്വവിഖ്യാതന്മാരായ രാജ്യതന്ത്രജ്ഞന്മാക്ക് സ്വഭാവികമായി കണ്ടുവരാറുള്ളതാണ്.

ഞാൻ എന്റെ പ്രസംഗം ഇങ്ങിനെ ദീർഘിപ്പിക്കുന്നില്ല. ഞാൻ മുക്കിപ്പറയാം. സർ, ഈ വർത്തമാനപ്പത്ര റഗുലേഷനെ ഭാഗവത പ്രസിദ്ധമായ പൂതനയുടെ രണ്ടാം ജന്മമാണെന്നാണ് ഞാൻ ഭയപ്പെടുന്നത്. അന്നത്തെ ഗവമ്മെൻറായിരുന്ന കംസന്റെ ദുർഭരണത്തിൽ പ്രതിഷേധം പ്രദർശിപ്പിക്കുവാനും ദുരാചാരതുശംസനായ ആ കംസനെത്തന്നെ നിഗ്രഹം നശിപ്പിക്കുവാനും ആരോ ഒരുവൻ—ഏതോ ഒരു ശക്തി—ഏവിടെയോ, എങ്ങാണ്ടോ ജനിച്ചിട്ടുണ്ടെന്നു കേട്ടതുകൊണ്ടു ഭയവിഹ്വലനായിത്തീർന്ന ആ കംസൻ ആ ശത്രുവിനെ കണ്ടുപിടിച്ചു മുളയിൽത്തന്നെ നുള്ളിക്കളയുന്നതിനു വികൃത രൂപത്തിലുള്ള ഭയങ്കരന്മാരായ പലപല കിങ്കരന്മാരെ നിയോഗിച്ചയച്ചു. അവരിൽ പ്രധാനിയാണ് ഈ പൂതന. അവർ കണ്ടാൽ അതി സുന്ദരിയും നൃത്യകലാവിശേഷയും വിശ്വമോഹിനിയും ആയിരുന്നു. പിഞ്ചുപൈതങ്ങളെപ്പോലും മുലകൊടുത്തു കൊന്നുകൊണ്ട് അവർ ഇങ്ങിനെ സൈരസഞ്ചാരം ചെയ്തു. ശിശുവധം രാജകീയാനുമതിയുള്ള ഒരു സംഭവമായിത്തീർന്നതുകൊണ്ടു പുത്രോല്പാദനം മാത്രമല്ല ദിവ്യമായ ദാമ്പത്യംതന്നെയും അന്നുമുതൽ ജനങ്ങൾ നിറുത്തിവെയ്ക്കേണ്ടിവന്നു. പൂതനാമോക്ഷത്തിനുശേഷം മാത്രമാണ് ചേതനാലോകം സംതൃപ്തിയടഞ്ഞതു്. ഈ പത്രനിയമം ആ പൂതനയുടെ രണ്ടാം ജന്മമാണ്. പൂതനയാകുന്ന ഈ നിയമം കംസനാകുന്ന ഗവമ്മെൻറിനുണ്ടായ സംശയനിവൃത്തിക്കുവേണ്ടി പത്രശിശുക്കളെ ഹനിക്കാൻ പുറപ്പെട്ടിരിക്കയാണ്. ഇവളെ യഥേഷ്ടം വിഹരിക്കുവാൻ വിട്ടാലപക്ഷം ഈ രാജ്യത്തെ എല്ലാ പത്രശിശുക്കളും ഹനിക്കപ്പെടുന്നതാണ്. എന്നുമാത്രമല്ല പത്ര ദാമ്പത്യം കൂടി നിഗ്രഹം നിറുത്തിവെക്കേണ്ടിവരുന്നതാണ്. പത്രമ

LIBRARY ARCHIVES Kerala Legislative Assembly

രണവൃത്താന്തം ഇർവിൻ പാക്കിലെ സ്വാതന്ത്ര്യം നിത്യേന വിത രണം ചെയ്യുന്നതാണ്. ചത്ത പത്രങ്ങളുടെ തൊലി പൊളിക്കുവാൻ തീവണ്ടിക്കാരും തീക്കപ്പൽക്കാരും തിരക്കു കൂട്ടുന്നതാണ്. പത്രങ്ങളി ല്ലാത്തതുകൊണ്ടു എഴുത്തുകാരും, എഴുത്തുകാരില്ലാത്തതുകൊണ്ട് എഴു ത്തും വായനയും ഈ രാജ്യത്തു "ഇങ്ങിനിവരാതവണ്ണം" എന്നൊന്നേക്കു മായി നശിച്ചുപോകുന്നതാണ്. എഴുത്തും വായനയും നശിച്ച രാജ്യ ത്ത് ജനങ്ങളുടെ കഴുത്തിൽ തല നില്ക്കുന്ന കായ്യം സംശയാവഹമാ ണ്. നമ്പൂരിമാരുടെ സംഘക്കളിയിൽ വണ്ണിക്കപ്പെടുന്ന ഇട്ടിക്കണ്ട പ്പന്റെ രാജ്യഭരണമായിരിക്കും പിന്നീടുണ്ടാകുക. "അടിക്കരുതു്, ത ളിക്കരുതു്, അടപ്പിൽ തീപെരുക്കരുതു്" എന്നാണത്രേ ഇട്ടിക്കണ്ടപ്പ ന്റെ വിളംബരം. അങ്ങിനെയുള്ള ഒരു വിളംബരത്തിനാണോ പരി ഷ്കൃതമായ കൊച്ചി ഇപ്പോൾ ആവശ്യപ്പെടുന്നതു്? ഈ പത്രനിയമം അനാവശ്യവും അപമാനകരവും അത്യന്തം ആക്ഷേപാർഹവുമാണ്. അതിനെ അനുവദിച്ചാൽ നാമെല്ലാം ശുദ്ധ ഇട്ടിക്കണ്ടപ്പന്മാരായിത്തീ രും. നാലര ഉറുപ്പിക ബത്തക്കുവേണ്ടി നാടും നാട്ടാരെയും വിറ്റു നര കാർഹരായി ഭവിക്കും. അതു് നാട്ടാരോടു ചെയ്യുന്ന വലിയൊരുക്രൂര വും അപരാധവും വിശ്വാസവഞ്ചനയുമായിരിക്കും. അതിനു നാം ഒരി ക്കലും ഒരുങ്ങരുതു്. ഈ പൂതന വഴ്ച്ചയാണ്. അവൾ നന്നാക്കി യാൽ നന്നാകുന്നവളല്ല. അവളെ സെലക്ട് കമ്മറിക്കയച്ചിട്ടു ഫല മില്ല. അതിന്റെ ആവശ്യമില്ല. അതുകൊണ്ടു നാം അതിനെ ഇവി ടെവെച്ചു ഇപ്പോൾതന്നെ താടകയെ വധിച്ച രാമന്റെ അനുഗ്രഹ ത്താൽ കഴുത്തറുത്തു കഴിച്ചുമൂടണം. നാം ഈ പൂതനക്കു മോക്ഷം കൊ ടുത്തു പുണ്യം നേടണം. ഈ വിഷയത്തിൽ ഇപ്പോൾ നിലവിലുള്ള നിയമങ്ങൾതന്നെ ധാരാളം മതിയാകുന്നതാണ്. ഇതാണ് എനിക്കു പറയുവാനുള്ളതു്. ഇതിനു നമ്മുടെ രക്ഷിതാവായ മയൂരവാഹനൻ നമ്മെ തുണക്കട്ടെ.!

മിസ്റ്റർ വി. കെ. കുട്ടി.— സർ, ബഹുമാനപ്പെട്ട ലാമെമ്പർ അവ തരിപ്പിച്ചിരിക്കുന്ന പത്രനിയമത്തെ ഞാൻ ബലമായി എതിർക്കുന്നു. കൊച്ചിരാജ്യത്തെ പത്രങ്ങളെ നിയന്ത്രിക്കുന്നതിനുള്ള പ്രസ് റഗ്ലേ ഷൻ ഇതിനുമുമ്പുതന്നെ നമ്മൾ അംഗീകരിച്ചിട്ടുണ്ട്. അങ്ങിനെയു ള്ള ഒരു നിയമം നടപ്പിലിരിക്കുമ്പോൾ, ഒരു സന്ദർഭമില്ലാതെ ഇതു പെട്ടെന്നു മറ്റൊരു നിയമം ഇവിടെ കൊണ്ടുവരേണ്ട ആവശ്യമുണ്ടാ യിരുന്നില്ല. ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന നിയമം ഏതെല്ലാം വി ധത്തിൽ പത്രങ്ങളുടെ സ്വാതന്ത്ര്യത്തെ തടയുന്നുണ്ടെന്നു അതിന്റെ മു ഖവുരയിൽത്തന്നെ നോക്കിയാൽ കാണാവുന്നതാണ്. പ്രിന്റിംഗ്, കല്ലച്ചു്, ടൈപ്പ് റൈറ്റിംഗ് എന്നുവേണ്ട ഏതെല്ലാം വിധത്തിൽ ഏതെല്ലാം രൂപത്തിൽ പുറത്തുവരുന്നുണ്ടോ അ പത്രങ്ങളെയെല്ലാം ബാധിക്കുന്നതായ ഇത്ര ഭയങ്കരമായ ഒരു നിയമത്തെ ഇവിടെ ഇപ്പോ

LIBRARY ARCHIVES Kerala Legislative Assembly

ം വലിച്ചുകൊണ്ടുവരേണ്ട സമയമായിട്ടില്ലെന്നാണ് എന്റെ അഭിപ്രായം. ബ്രിട്ടീഷിൻഡ്യയിൽ കാൺഗ്രസിന്റെ പ്രവർത്തനങ്ങൾ ശക്തിയായി നടന്നുകൊണ്ടിരുന്ന കാലത്തു ചില പ്രത്യേക നിയമങ്ങൾ ഉണ്ടാക്കീട്ടുണ്ട്. അന്നത്തെ അവിടത്തെ അസാധാരണ സ്ഥിതിക്കു അസാധാരണമായ ഒരു നിയമത്തിന്റെ ആവശ്യമുണ്ടായിരുന്നിരിക്കാം. 99-ലെ മലവെള്ളംപോലെ പൊങ്ങിവന്ന പൊതുജനാഭിപ്രായത്തെ തടയാൻ ഇങ്ങിനെയുള്ള ഒരു നിയമംകൊണ്ടല്ലാതെ ബ്രിട്ടീഷ് ഗവ മ്മെണ്ടിനു സാധിക്കുകയില്ലായിരുന്നു. ആ സ്ഥിതിക്കു അസാധാരണമായ ഒരു നിയമം അവരുടെ പാളിസിക്കു ആവശ്യമായിരുന്നു. അങ്ങിനെയുള്ള ഒരു സന്ദർഭം കൊച്ചീരാജ്യത്തു് ഇതുവരെ ഉണ്ടായിട്ടില്ല. അത്തരം സന്ദർഭം ഇവിടെ ഉണ്ടാകുകയില്ലെന്നും ഞങ്ങൾക്കറിയാം. അഥവാ, ഉണ്ടാകുന്നപക്ഷം അതിനെ തടയത്തക്ക ഒരു നിയമം ഞങ്ങൾതന്നെ ഈ കൌൺസിൽ മുഖേന കൊണ്ടുവരുന്നതാണു്. ജനക്ഷേമത്തിനുവേണ്ടി എപ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവരാണു് ഞങ്ങൾ. ജനക്ഷേമംതന്നെയാണു് ഞങ്ങളുടേയും ക്ഷേമം. ഞങ്ങളുടെ രാജ്യം എപ്പോഴും ക്ഷേമമായിത്തന്നെ കഴിയണമെന്നതന്നെയാണു് വിചാരിക്കുന്നതു്. ഇവിടത്തെ ചില സാമാജികന്മാർ ഈ നിയമത്തിന്റെ പ്രതിഷേധത്തെ രേഖപ്പെടുത്തിക്കൊണ്ടു് ഇറങ്ങിപ്പോകുകയുണ്ടായി. ഞങ്ങളുടെ ആ ഇറങ്ങിപ്പോക്കു് ഞങ്ങളുടെ ആരോഗ്യംകൊണ്ടോ ഞങ്ങളുടെ ചോരത്തിളപ്പുകൊണ്ടോ ഉണ്ടായിട്ടുള്ളതല്ല. പൊതുജന ജിഹ്വകളായ പത്രങ്ങളെ നിഷ്കരുണം മർദ്ദിക്കുന്ന ഈ നിയമത്തോടുള്ള വിരോധം കാണിക്കാൻ മാത്രമാണു് ഞങ്ങൾ പുറത്തിറങ്ങിപ്പോയതു്. ശരീരത്തെപ്പോലെതന്നെ മനസ്സിനും ആരോഗ്യമുള്ള ഞങ്ങൾക്കു അങ്ങിനെ ചെയ്യാതിരിക്കാൻ നിവൃത്തിയുമില്ലായിരുന്നു. ഒരു പതിനഞ്ചു വർഷത്തിലധികം കാലം പഴക്കമുള്ള ഒരു പത്രപ്രവർത്തകന്റെ നിലയിലും ഈ പത്രനിയമം നടപ്പിൽ വന്നാൽ അതുകൊണ്ടു് പത്രങ്ങളും ജനങ്ങളും എത്രമാത്രം സങ്കടം അനുഭവിക്കേണ്ടിവരുമെന്നു് എനിക്കറിയാൻ കഴിഞ്ഞിട്ടുണ്ടു്. ഗവമ്മെണ്ടു് പ്രസ്സുകൾ പരിഷ്കരണത്തെ സംബന്ധിച്ചു് ടി. എസ്സു്. നാരായണയ്യർ ദിവാനായിരുന്നപ്പോൾ അദ്ദേഹത്തിന്റെ അടുക്കൽ പത്രസംഘംവക ഒരു ഡപ്യൂട്ടേഷൻ പോകുകയുണ്ടായി. അതിൽ ഞാനും ഒരു അംഗമായിരുന്നു. പ്രസ്സുകൾ പരിഷ്കരിക്കുന്ന വിഷയത്തിൽ ഞങ്ങളുടെ അഭിപ്രായത്തെ ആദരിച്ചു അദ്ദേഹം ചിലതെല്ലാം ചെയ്യുകയുണ്ടായി. എന്നാൽ ഇപ്പോൾ അതിന്റെ സ്ഥിതിയെന്തെന്നു ഗവമ്മെണ്ടിനുതന്നെ അറിയാവുന്നതാണല്ലൊ. പറയത്തക്ക യാതൊരു പ്രയോജനവും അതുകൊണ്ടിപ്പോഴില്ല.

പ്രസ്സുകൾ ചെന്നുനോക്കിച്ചാൽ ൧൫ ദിവസങ്ങൾക്കു് മുൻപുള്ള ചിലവർത്തമാനങ്ങളല്ലാതെ അന്നന്നത്തെ വർത്തമാനങ്ങൾ അറിയാൻ സാധിക്കുകയില്ല. വല്ല ഉദ്യോഗസ്ഥന്മാരോടും അന്നു പുറത്തു വിടേണ്ടതായ വല്ല കല്പനയുമുണ്ടോ എന്നു ചോദിച്ചാൽ അവർ പറയുക

LIBRARY ARCHIVES Kerala Legislative Assembly

യില്ല. നമ്മുടെ ഇന്നത്തെ ബഹുമാനപ്പെട്ട ദിവാൻജി അവർകളും പ്രസ്സ് റൂം പരിഷ്കരിക്കാം എന്ന പറയുകയുണ്ടായി. ഇന്നുവരെയും അതു കാണുവാൻ കഴിഞ്ഞിട്ടില്ല. നാട്ടിലെ പത്രങ്ങളെ മർദ്ദിക്കുവാൻ ബദ്ധപ്പെടുന്ന ഗവമ്മെണ്ടു അവക്കു ശരിയായ വാർത്താവിതരണത്തിന്നു വേണ്ട സഹായങ്ങൾ ചെയ്യാൻപോലും സന്നദ്ധമല്ലെന്നു വരുന്നതു ശോചനീയമാണു്. അടിയന്തിരാധികാരം ഉപയോഗിച്ചു് പാസ്സാക്കിയ വർത്തമാനപത്ര റഗുലേഷൻ മദിരാശി മെയിലിൽവന്ന മൂന്നു നാലു ദിവസം കഴിഞ്ഞതിനുശേഷമെ പ്രസ്സ് റൂമിൽ വയ്ക്കപ്പെട്ടുകയുണ്ടായിട്ടുള്ളൂ. ഇതാണു് നാട്ടുപത്രങ്ങളോടു ഗവമ്മെണ്ടിന്റെ മനോഭാവം. പത്രങ്ങളെ പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്യേണ്ടതാണു് ഗവമ്മെണ്ടിന്റെ കടമ. അങ്ങിനെയുള്ള ഗവമ്മെണ്ടു് മർദ്ദന നിയമങ്ങൾ കൊണ്ടുവന്നു അവയെ ശ്വാസംമുട്ടിച്ചു കൊല്ലാതിരിക്കുകയെങ്കിലും ചെയ്യേണ്ടതാണു്. ഇങ്ങിനെയുള്ള നിയമം ഒരു പരിഷ്കൃത രാജ്യത്തിനും ചേർന്നതല്ല; പ്രത്യേകിച്ചു കൊച്ചിയെപ്പോലെ വിദ്യാഭ്യാസത്തിൽ വളരെ ഉയർന്നുനില്ക്കുന്ന ഒരു രാജ്യത്തിന്നു ഇന്നുള്ള വർത്തമാനമല്ല നാളെ. ഒരു പത്രപ്രവർത്തകന്റെ നിലയിൽ അന്നന്നു കേൾക്കുന്ന വർത്തമാനങ്ങൾ അപ്പോഴപ്പോൾ പ്രസിദ്ധപ്പെടുത്തേണ്ട ചുമതലയുണ്ടു്. ഈ നിയമം അതിനൊരു പ്രതിബന്ധമാണു്. കൊച്ചിരാജ്യത്തിലെ പത്രപ്രവർത്തകന്മാരെ നിയന്ത്രിക്കാനുള്ള നിയമം ഇവിടത്തെ നിയമാവലയിലുണ്ടു് എന്നു് പലരും തെളിയിച്ചിട്ടുണ്ടു്. ക്രടാതെ പല കേസുകളും എടുത്തു ഗവമ്മെണ്ടിൽനിന്നു് അഥവാ സഞ്ചാരികളായ പത്രപ്രവർത്തകന്മാരെ ശിക്ഷിക്കുകയും ചെയ്തിട്ടുണ്ടു്. ഒരു മാന്യനെപ്പറ്റി കുറ്റകരമായ ലേഖനമെഴുതിയാൽ ഏതുകാലത്തും ശിക്ഷിക്കത്തക്ക നിയമം ഇവിടെ ഉണ്ടെങ്കിൽ ഇത്തരം കഠിനതരങ്ങളായ നിയമങ്ങൾ കൊണ്ടുവന്നു നാട്ടുകാരെ എന്തിനു മർദ്ദിക്കുന്നു എന്നാണു് ഞാൻ ചോദിക്കുന്നതു്. അതിനാൽ ഇപ്പോൾ ഗവമ്മെണ്ടിനു് പൊതുജനാഭിപ്രായമെന്താണെന്നു മനസ്സിലായിട്ടുണ്ടല്ലൊ. ഈ നിയമം നടപ്പിൽ വരുത്താൻ വേണ്ടി ഇവിടെ ഒരു പരീക്ഷ നടത്തരുതു്. എപ്പോഴും പൊതുജനഹിതത്തെ തന്നെ അനുവർത്തിച്ചു പ്രവർത്തിക്കേണ്ടതു് ഒരു ഗവമ്മെണ്ടിന്റെ ചുമതലയാണെങ്കിൽ ഇതു് നടപ്പിൽ വരുത്താതിരിക്കണം. അതുകൊണ്ടു് ഗവമ്മെണ്ടും ജനങ്ങളും തമ്മിൽ വിദ്വേഷം ഉണ്ടാക്കിത്തീർക്കാതെ ഈ ബിൽ തള്ളിക്കളയണമെന്നുമാത്രമേ എനിക്കു പറയുവാനുള്ളൂ.

Mr. T. A. Ramachandra Ayyar.—Sir, I also rise to oppose this Bill because when all is said and done the object of this measure is to restrict the liberty of the Press. I need scarcely say that every civilised nation thinks that the liberty of the Press is a priceless possession. Free criticism is absolutely necessary, especially in the case of those who are given

LIBRARY ARCHIVES Kerala Legislative Assembly

unlimited powers over their fellow-beings. Criticism generally improves the tone of public life and the character of public men.

My attention was drawn to an article in the "Deepam" wherein it is stated that so long as Sir Shanmukham is the Diwan there is no chance of this law being used arbitrarily against the Press. I entirely endorse that view, seeing that you yourself played a prominent part in public life as in a representative capacity and have had ample opportunities to realise the difficulties that public men and newspapers labour under. Therefore, it is quite safe to accept the verdict of "Deepam" which pretends to be the keeper of the conscience of the Government. But no man's future is sure and no man's life is certain in this world. It is possible, though not probable, that your successor may not be a person like your good self. If a man with no sincerity of conviction, no fixity of purpose, no adequate sense of responsibility, arrogant, vain-glorious, self-opinionated with an exaggerated notion of self-importance, with overweening conceit, intolerant of criticism and with a spirit of defiance to public opinion, were to succeed you at any time, then may God have mercy upon the people who are entrusted unto the care of such a man.

That is the reason why I feel I should offer unyielding opposition to a measure of this kind.

* മിസ്റ്റർ പി. ഗോവിന്ദമേനോൻ.—സർ, ബഹുമാനപ്പെട്ട നിയമമെമ്പർ ഈ തരത്തിലുള്ള ബില്ലുകൾ ഈ നിയമസഭയിൽ അവതരിപ്പിക്കുന്ന അവസരങ്ങളിൽ അതിന്റെ സാദ്ധ്യത്തിനായിട്ട് സാധാരണയായിട്ട കാരണങ്ങളാണ് പറയാറുള്ളത്. അവയിൽ ഒന്ന് ഇംഗ്ലണ്ടിൽ ഈ തരത്തിൽ ഒരു ബില്ല് പാസായിട്ട് അനേക കാലമായിട്ടുണ്ടെന്നും മറെറാന്ന് ബ്രിട്ടീഷിൻഡ്യയിൽ ഇങ്ങിനെ ഒരു നിയമമുണ്ടെന്നും മൂന്നാമതായി തിരുവിതാംകൂറിൽ ഉണ്ടെന്നുമാണ്. എന്നാൽ നിർഭാഗ്യവശാൽ എന്റെ മാന്യ സ്നേഹിതന് ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം ഇംഗ്ലണ്ടിൽ ഇത്തരം ഒരു നിയമമുണ്ടായിട്ടുണ്ടെന്ന് പറയാൻ സാധിച്ചിട്ടില്ല. അതിനുപകരം നിയമമെമ്പർ അപ്പോൾ പറയുന്ന പള്ളിപ്പുറം മെമ്പർ രണ്ടു കൊല്ലത്തിനുമുമ്പ് ഈ നിയമം വേണമെന്നു പറഞ്ഞിട്ടുണ്ടെന്ന്. നിയമമെമ്പർ പള്ളിപ്പുറംമെമ്പർ അവർകളുടെ അന്നത്തെ പ്രസംഗം വായിക്കുന്നതു കേട്ടപ്പോൾ ചെകുത്താൻ ബൈബിൾ വായിക്കുന്നതുപോലെ തോന്നി. ആവശ്യംവരുമ്പോൾ ചെകുത്താൻ ബൈബിൾ വായിക്കാറുണ്ട്. എന്നാൽ നിയമമെമ്പർ ആവശ്യം വരുമ്പോളെല്ലാം പള്ളിപ്പുറം മെമ്പർ അവർകളുടെ

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

ബൈബിൾ വായിച്ചിരുന്നെങ്കിൽ ഇന്ന ഗവമ്മെണ്ടും അന്നദ്യോഗസ്ഥ സാമാജികന്മാരും തമ്മിൽ ഇത്ര വലിയ അന്തരം വരികയില്ലായിരുന്ന. ആവശ്യംവരുമ്പോൾ അവരവരുടെ അഭിപ്രായത്തെ സ്ഥാപിക്കാൻ വേണ്ടി ഓരോരോ ന്യായങ്ങൾ പറയുക സാധാരണമാണ്. ബ്രിട്ടീഷിൻഡ്യയിൽ ഫ്രൻഫ്ഠ-ൽ ആണെന്ന് തോന്നുന്ന ആദ്യമായി ഒരു പ്രസ്സ് റഗുലേഷൻ ഉണ്ടായത്. ഫ്രൻഫ്ഠ-ൽ ബ്രിട്ടിഷിൻഡ്യയിലെ പൊതുജന സ്വാതന്ത്ര്യത്തേയും സമാധാനത്തേയും പരിപാലിക്കാൻ ആയി ഈ തരം ഒരു പ്രസ്സ് റഗുലേഷൻ അവതരിപ്പിച്ചു. ഫ്രൻഫ്ഠ-ൽ അത സാമ്രാജ്യനിയമസഭയിൽ വാദപ്രതിവാദത്തിന് ആയി അവതരിപ്പിച്ച ഹോംമെമ്പർ സർ ജയിംസ് ക്രാർ പറഞ്ഞതുതന്നെ അത് ബംഗാളിലെ ഭീകരപ്രവൃത്തനത്തെ തടയാൻവേണ്ടിമാത്രമാണെന്നാണ്. ബ്രിട്ടീഷിൻഡ്യയിലോ ഇംഗ്ലണ്ടിലോ മാത്രമല്ല ഇത്തരത്തിലുള്ള പത്രമർദ്ദനംകൊണ്ട് ലോകത്തിലെ മിക്ക രാഷ്ട്രങ്ങളും ഇപ്പോൾ അസ്വതന്ത്രമായ ഒരന്തരീക്ഷമായിത്തീന്നിട്ടുണ്ട്. ആ വാസ്തവം എല്ലാ പത്രങ്ങളും പ്രസിദ്ധീകരിച്ചുതുടങ്ങീട്ടുണ്ട്. ജനങ്ങളുടെ വിശാല മനഃസ്ഥിതിയെ—പത്രങ്ങളുടെ സ്വാതന്ത്ര്യത്തെ—തടയാൻ സാമ്രാജ്യ നിയമസഭയിൽ ഈ തരം ഒരു ബിൽ അവതരിപ്പിച്ചിട്ടുള്ളത് ശരിതന്നെ. സാമ്രാജ്യനിയമസഭയിലോ പത്രങ്ങളുടെ മറേറതെങ്കിലും നാട്ടരാജ്യങ്ങളിലോ പത്രങ്ങളുടെ സ്വാതന്ത്ര്യത്തെ തടയാൻ ഏതെങ്കിലും ബിൽ ഉണ്ടെന്നുവെച്ച് നമ്മുടെ കൊച്ചീരാജ്യത്തിന് അത്തരം അസാധാരണ നിയമങ്ങളൊന്നും വേണമെന്നില്ല. കൊച്ചിയിൽ അസാധാരണ സ്വാതന്ത്ര്യങ്ങളൊന്നും ഇല്ലെന്ന നിയമമെമ്പർ ഈ ബിൽ കൊണ്ടുവന്നപ്പോൾ സ്മരിക്കേണ്ടതായിരുന്ന.

സർ, ഈ ബില്ലിന്റെ തത്വം ഞങ്ങൾക്ക സ്വീകാര്യമായിരുന്നെങ്കിൽ ഞങ്ങൾ അതിനെ സ്വീകരിച്ച് സിലക് റ്റ് കമ്മറിക്ക് അയയ്ക്കുമായിരുന്ന. ഈ ബില്ലിന്റെ അടിസ്ഥാനതത്വംതന്നെ സ്വീകാര്യമല്ല. ഈ ബില്ലിന്റെ അടിസ്ഥാനതത്വം എന്താണെന്ന് ബഹുമാനപ്പെട്ട ഈഴവമെമ്പർ പറഞ്ഞുവല്ലൊ. കൊച്ചിയിൽ അസാധാരണമായ ഒരന്തരീക്ഷമുണ്ടെന്ന് നിയമമെമ്പർ പറയുന്ന. ആ അന്തരീക്ഷത്തിന് അസാധാരണമായ ഒരു നിയമം വേണമെന്നും നിയമമെമ്പർ പറയുന്ന. ഇതാണത്രെ ഈ ബില്ലിന്റെ അടിസ്ഥാനതത്വം. ഇങ്ങിനെ ഒരന്തരീക്ഷം ഇവിടെ ഉണ്ടോ? അങ്ങിനെ ഒരന്തരീക്ഷമുണ്ടെങ്കിൽത്തന്നെ ഇത്തരമൊരസാധാരണ നിയമം ഇവിടെ വേണോ? ബ്രിട്ടീഷിൻഡ്യയിലെ ജനങ്ങൾ അവിടത്തെ ഗവമ്മെണ്ടിനോട് പൊരുതുന്നമാതിരി ഒരന്തരീക്ഷം ഉണ്ടോ? ഇല്ലാ. ഒരസാധാരണമായ തത്വം ആണ് ഈ ബില്ലിൽ അന്തർഭവിച്ചിരിക്കുന്നത്. ഈ തത്വത്തോട് യോജിക്കുവാൻ ഞങ്ങൾക്ക സാധിക്കുകയില്ല. ഏതെങ്കിലും ഒരു പത്രം ഒരു കുറ്റംചെയ്തുവെന്ന് പറഞ്ഞാൽ ആ പത്രം കുറ്റം ചെയ്തിട്ടില്ല എന്ന് സ്ഥാപി

LIBRARY ARCHIVES Kerala Legislative Assembly

ക്കാനുള്ള അധികാരം അവക്കില്ലെന്നതാണ് ഈ ബില്ലിൽ അടങ്ങിയിരിക്കുന്ന പ്രധാനതത്വം. ഈ നിയമസഭയിൽ ഉള്ള എല്ലാ സാമാജികന്മാക്കും അറിയാവുന്നതാണ്, നിയമങ്ങളുടെ മൂലതത്വം തന്നെ കുറ്റംചെയ്യുവെന്ന് പറയുന്ന ആൾ അതു സ്ഥാപിക്കണമെന്നുള്ളതു്. അങ്ങിനെ ഒരാളുടെ സ്വാതന്ത്ര്യത്തെ തടയണമെന്നുണ്ടെങ്കിൽ അതിനുള്ള ന്യായങ്ങളെ നിയമാദ്ധ്യക്ഷന്മാക്ക് ബോദ്ധ്യമാകുംവിധം അയാൾ കുറ്റംചെയ്യുവെന്ന് തെളിയിച്ചിരിക്കണം. ഒരസാധാരണമായ സന്ദർഭങ്ങളിൽ ഒഴികെ, ഒരനിതരസാധാരണമായ സ്ഥിതിഗതികൾ വന്നുചേരുന്നതുവരെ ഈ തത്വത്തിൽനിന്ന് മാറി യാതൊരു ഗവമ്മെണ്ടും യാതൊരു സമയത്തും പ്രവൃത്തിച്ചുകണ്ടിട്ടില്ല. ക്രിമിനൽ ലായിലുള്ള ഈ നിയമം വരുവാൻ അതിൽനിന്ന വ്യതിചലിച്ചേയ്ക്കാം. ഇപ്പോൾ നമ്മുടെ രാജ്യത്തിൽ ഈ വിധത്തിലുള്ള ഒരന്തരീക്ഷം ഇല്ലാതിരിക്കുന്നിടത്തോളംകാലം, ഗവമ്മെണ്ടും ജനങ്ങളുംതമ്മിൽ സ്വരച്ചേർച്ചയില്ലാതിരിക്കുന്നിടത്തോളംകാലം ഈ ബില്ലിൽ പറഞ്ഞിരിക്കുന്ന അസാധാരണ നിയമത്തിന്റെ അടിസ്ഥാനതത്വം ഞങ്ങൾക്കനുവദിക്കുവാൻ പാടില്ല.

സർ, ഈ ബില്ലിന് അടിസ്ഥാനമായിരിക്കുന്ന തത്വം ഞങ്ങൾക്ക് സ്വീകാര്യമാകണമെന്നുണ്ടെങ്കിൽ ബഹുമാനപ്പെട്ട നിയമമെമ്പറും ഗവമ്മെണ്ടും ഒരു സംഗതി ബോദ്ധ്യപ്പെടുത്തിത്തരണം. അതായതു് ഇവിടെ കുറച്ചുകാലമായി പത്രങ്ങൾ വർദ്ധിച്ചുതോട്ടുകൂടി സ്വാതന്ത്ര്യം ക്രമവിരുദ്ധമായി പെരുമാറിവരുന്നുണ്ടെന്നും തൻമൂലം രാജ്യഭരണത്തിന് ബുദ്ധിമുട്ട നേരിട്ടുന്നുവെന്നും വിവരിച്ചുകാണുന്നുണ്ട്. ഇവിടെ ഇതുവരെ ഈ അസാധാരണനിയമപ്രകാരമുള്ള ഒരു സംഗതി ഉണ്ടായിട്ടുണ്ടെന്ന് തെളിയിക്കാൻ സാധിക്കുമോ? ഈ ബിൽ അനവധി പത്രങ്ങളേയും പ്രസിദ്ധീകരണങ്ങളേയും തടയുന്നുണ്ടെന്ന് കാണിക്കുവാൻ സാധിച്ചിട്ടില്ല. ഈ കൊച്ചീരാജ്യത്തിൽ വളരെ കൊല്ലംമുമ്പുമുതൽക്കെ നിയമവിരുദ്ധമായ പ്രസിദ്ധീകരണങ്ങൾ നടത്തീട്ടുണ്ടെന്നും അതിനെ തടയാൻ ശ്രമിച്ചിട്ടുണ്ടെന്നും പറയുന്നവക്കുതന്നെ ഈ നിയമം ന്യായമാണെന്നു പറയുവാൻ സാധിക്കുകയില്ല. ഈ നിയമംമൂലം ഇപ്പോഴും ശൈശവാവസ്ഥയിൽ ഇരിക്കുന്നതും വളർന്കൊണ്ടിരിക്കുന്നതുമായ പത്രങ്ങൾ അകാലമരണമടയുന്നതാണ്. ഈ നിയമംമൂലം പത്രങ്ങളുടെ സ്വരങ്ങൾ നീർജ്ജീവം ആകയും, പൊതുജനങ്ങൾക്ക് അത്യാവശ്യമായിട്ടുള്ള ശക്തിയില്ലാതെ ആകയും, ഗവമ്മെണ്ടിന്റെ പ്രവൃത്തികളുടെ ന്യായാന്യായങ്ങളെ ജനങ്ങൾക്ക് അറിയാൻ സാധിക്കാതെയാകയും, പത്രങ്ങൾ കേവലം ഗവമ്മെണ്ടിന്റെ പ്രസ്ഥാനങ്ങളെ സ്വാഗതം ചെയ്യാൻമാത്രം ഉള്ള ചില പ്രസിദ്ധീകരണങ്ങൾ മാത്രമാകയുംചെയ്യും. ഈ നിലയിൽ ഇവിടത്തെ പത്രങ്ങൾ എത്തിച്ചേരണമെന്നാണോ? ഗവമ്മെണ്ടിന്റെ ശക്തിയെ നിലനിൽത്താൻ പത്രങ്ങളുടെ എതിർപ്പും പത്രങ്ങളുടെ സഹായവും ആവശ്യമാണ്. ഗവമ്മെണ്ടിനെ എതിർക്കാൻ ശക്തിയില്ലാത്ത, ആക്ഷേപിക്കാൻ ധീരതയില്ലാത്ത ഒരു പത്രം ഗ

LIBRARY ARCHIVES Kerala Legislative Assembly

വമ്മെണ്ടിനെ സ്തുതിക്കയും സഹായിക്കുകയും ചെയ്യണമെങ്കിൽ ആ സ്തുതിക്കും സഹായത്തിനും യാതൊരുവിലയും ഇല്ല. ഇവിടത്തെ പത്രങ്ങൾ എല്ലാം ഇവിടത്തെ എക്സിക്യൂട്ടീവ് ഭരണത്തിനെ അഭിനന്ദിച്ചു് അടിമകളായിരിക്കുന്നതു ശരിയല്ല.

സർ ഷൺമുഖത്തിന്റെ ഗവമ്മെണ്ടാജ്ഞകളേയും പ്രവൃത്തികളേയും വളരെ നല്ലതായി, കേമമായി എന്നു് മാത്രം പറഞ്ഞുകേൾക്കുവാനാണോ ആഗ്രഹിക്കുന്നതു്. ഈ സ്തുതിക്കു് ലോകം ഒരു വിലയും കല്പിക്കുന്നതല്ല. അതു യാതൊരു പരിഷ്കൃത ഭരണാധികാരിക്കും അഭിനന്ദനീയമല്ല. അങ്ങിനെയായാൽ പുതിയ പല കാരണങ്ങളും പറഞ്ഞു് ഗവമ്മെണ്ടു് പുതിയ പല രീതികളും കൊണ്ടുവരാൻ നോക്കുന്നതാണു്. ഒരു രാജ്യത്തിലെ പരിഷ്കാരങ്ങളുടെ ഗുണങ്ങളും ദോഷങ്ങളും തീച്ചയാക്കേണ്ടതു ആ രാജ്യത്തിലെ പൊതുജനാഭിപ്രായമനുസരിച്ചാണു്. ഒരു പ്രവൃത്തിയുടെ നന്മതിന്മകളെപ്പറ്റി പൊതുജനാഭിപ്രായമെന്തെന്നു് പ്രകടിപ്പിക്കുന്നതിനു് ആ രാജ്യത്തിലെ ജനങ്ങൾക്കു് അധികാരമില്ലെങ്കിൽ ആ പ്രവൃത്തി സാധൂകരിക്കാവുന്നതല്ല. എല്ലാ പരിഷ്കൃത ഗവമ്മെണ്ടുകളും ജനങ്ങളുടെ പുരോഗതിയെ ലാക്കാക്കി പ്രവൃത്തിക്കുന്ന പ്രവൃത്തികളിൽ പൊതുജനാഭിപ്രായമെന്തെന്നറിയുക സാധാരണയാണു്.

സർ, അടുത്ത ഏതാനും കാലമായി ഗവമ്മെണ്ടിൽനിന്നു് തുടരെത്തുടരെ വാഴ്ത്തുവിടുന്ന മൂച്ചുയേറിയ നിയമായുധങ്ങളെക്കാണുമ്പോൾ ഞങ്ങൾ പരിഭ്രമിച്ചുപോകുന്നു. നിരായുധീകരണമാണു് ലോകത്തിനത്യാവശ്യമെന്നു് പരിഷ്കൃത ചിന്തകന്മാർ പ്രസ്താവിക്കുന്നു. അങ്ങിനെയിരിക്കെ പൊതുജനങ്ങൾ യാതൊരുവിധത്തിലും ഗവമ്മെണ്ടിനെ എതിർക്കരുതെന്നു് വിചാരിച്ചു് ഇവിടെ നിയമായുധങ്ങൾക്കു് മൂച്ചുകൂട്ടുന്നു.

സർ, ഈ ബിൽ സിലക്ട് കമ്മിറ്റിക്കു് അയക്കുന്നതായാൽ ജനങ്ങൾക്കു് ഹിതമായ വിധത്തിൽ അതിനെ ഭേദഗതി ചെയ്യാമെന്നു് നിയമമ്പെർ പറയുന്നു. സർ, അതുകൊണ്ടു കാര്യമില്ല. ഈ നിയമം ആറുമാസത്തെ കാലാവധിവച്ചു പാസാക്കിക്കഴിഞ്ഞു. ഇതിനിടയിൽ സകല പത്രങ്ങളും ജീവച്ഛവമായിത്തീരുന്നതാണു്. കൊച്ചിയിലെ ജനസംഖ്യക്കും പരിഷ്കാരത്തിനും അനുസരിച്ചവിധം നോക്കിയാൽ ലവിടെ പത്രങ്ങൾ എത്രയോ ചുരുക്കമാണു്.

